# സമുദ്രം

എൻ അഗാധത്തിൽ നിന്നും ഒരു സ്വരം
പ്രിയേ സുന്ദരി വരൂ.. വരൂ..
എൻ ഹൃദയം തുടിച്ചു
നോക്കി ചുററും
പ്രിയനെ കാണാതെ വ്യാകുലയായി.

കൺ മുമ്പിൽ മഹാസമുദ്രം
തിരമാലകൾ വന്നെൻ കാലുകൾ നനച്ചു
ശരീരമാസകലം കുളിർമ്മയാൽ
പ്രിയന്റെ സ്പർശനമെന്ന പോലെ.
വീണ്ടും കേട്ടു മധുസ്വരം..
ഊരി മാറ്റൂ വസ്ത്രങ്ങളെല്ലാം
എറിഞ്ഞു മാറ്റൂ നിൻ അങ്കികളെല്ലാം
വരൂ നമുക്കൊന്നാകാം.

നിൻ ദുഃഖങ്ങളും, സുഖങ്ങളും
നിൻ വാസസ്ഥലവും, മാതാപിതാക്കളേയും,
ബന്ധുമിത്രാദികളേയും,
വിട്ടുപേക്ഷിച്ചു വരൂ.. വേഗം.
പ്രിയന്റെ മധുരസ്വരമെന്തൊരാകർഷണം!
ഇരുമ്പിനെ കാന്തം ആകർഷിക്കും പോൽ.

അഴിച്ചുമാററി അങ്കികളൊന്നായി,
എല്ലാവരേയും വിട്ടുപേക്ഷിച്ച് ഓടിയകന്നു.
കാമുകന്റെ മാറിലൊന്നാകാൻ
ആ സ്നേഹത്തിലലിയാൻ
തിരമാലകൾ ഒന്നൊന്നായി വന്നു തലോടിയെന്നെ
അവന്റെ സ്പർശനത്താൽ എല്ലാം മറന്നു ഞാൻ
ആ സ്നേഹ സമുദ്രത്തിൽ
ലയിച്ചലിഞ്ഞു ഞാൻ.

മണിമുഴക്കം കേട്ടുണർന്നു ഭൂലോകം
സൃഷ്ടി, സൃഷ്ടാവിൽ ഒന്നാകും ശുഭമുഹൂർത്തം
ആകാശത്തിനും ഭൂമിക്കും മഹാദിശയം
ഭൂലോകമാകെ ഉല്ലസിക്കും പാവന നിമിഷം.

നിർമ്മല ശക്തി
15-08-08